# കോവിഡ് സമയത്തെ കുടുംബശ്രീ പ്രവർത്തനം

## തിടനാട് CDS

**സ്ത്രീ ശാക്തീകരണവും ദാരിദ്ര നിർമ്മാജ്ജനവും ലക്ഷ്യമാക്കി രൂപീകൃതമായ കുടുംബശ്രീ മിഷൻ ഇരുപത് വർഷങ്ങൾ പിന്നിടുമ്പോൾ സമസ്ഥമേഖലകളിലും അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു കഴിഞ്ഞു. ഏത് വെല്ലുവിളികളേയും ഏറ്റെടുക്കാനും അർപ്പണബോധത്തോടെ പ്രവർത്തിച്ച് ജനോപകാരപ്രദ മാക്കുവാനും ഇന്ന് കുടുംബശ്രീ പ്രസ്ഥാനത്തിനു കഴിയും.നിപ്പയും പ്രളയങ്ങളും ഉണ്ടായപ്പോൾ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച കുടുംബശ്രീ ലോക മഹാമാരിയായി കോവിഡ് 19 വന്നപ്പോഴും പ്രവർത്തനമേഖലയിൽ ഉറച്ചു നിന്നു. കോ വിഡ് 19 ന്റെ പശ്ചാത്തലത്തിൽ തിടനാട് CDS വ്യത്യസ്ഥമായ നിരവധി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.**

## 1 കമ്മ്യൂണിറ്റി കിച്ചൻ

തിടനാട് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി.2020 ഏപ്രിൽ 27 മുതൽ മെയ് 20 വരെയാണ് പഞ്ചായത്ത് പരിധിയിൽ പദ്ധതി നടപ്പിലാക്കിയത്.നിരവധി ആളുകൾക്ക് പ്രഭാത- ഉച്ച - സായാഹ്ന ഭക്ഷണങ്ങൾ വിതരണം ചെയ്യുവാൻ ഇതിലൂടെ സാധിച്ചു.അർഹരായ പലർക്കും ഈ കാലയളവിൽ സൗജന്യമായി ഭക്ഷണം നൽകി. ലോക് ഡൗൺ കാലത്ത്പൊതുജനങ്ങൾക്ക് ഇത് ഏറെ സഹായകമായി.

## 2 മരുന്ന് വിതരണം

ലോക് ഡൗൺ കാലത്ത് ആവശ്യമായ ആളുകൾക്ക് മരുന്നുകൾ വാങ്ങി വീടുകളിൽ എത്തിച്ചു നൽകി. സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് മരുന്നുകൾ സൗജന്യമായി നൽകി സഹായിച്ചു.

## 3 കിടപ്പു രോഗികൾക്ക് ആശ്വാസമേകി

പഞ്ചായത്ത് പരിധിയിലെ കിടപ്പു രോഗികളെ സന്ദർശിച്ച് അവർക്ക് സാന്ത്വനമേകി. പഞ്ചായത്തുമായി ആലോചിച്ച് അവർക്ക് ആവശ്യമായ സഹായങ്ങൾ സൗജന്യമായി നൽകി. കിടപ്പു രോഗികൾക്ക് ആശ്വാസമേകുവാൻ ഈ കാലയളവിൽ കഴിഞ്ഞു.ഇത് തുടർ പ്രവർത്തനമായി നടന്നു വരുന്നു.

## 4 പ്രതിരോധ മരുന്ന് വിതരണം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ വീടുകളിലും ഹോമിയോ പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.ഇതിനൊപ്പം കുടുംബത്തിലെ എല്ലാവർക്കും മാസ്ക്കുകളും സാനിറ്റൈസറും സൗജന്യമായി നൽകി. എല്ലാ കുടുംബശ്രീ പ്രവർത്തകരും ഈ പ്രോഗ്രാമിൽ ഭാഗഭാക്കൂ കളായി.

## 5 ആശ്രയ കുടുംബങ്ങൾക്ക് കൈത്താങ്ങ്

ഗ്രാമപഞ്ചായത്തിലെ ആശ്രയ കുടുംബങ്ങൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ആവശ്യമായ വർക്ക് ഭക്ഷണപ്പൊതികളും ഭക്ഷണ സാധനസാമിഗ്രികളും സൗജന്യമായി എത്തിച്ചു നൽകുകയും ചെയ്തു.

## 6 കൗൺസിലിംഗ്

സ്നേഹിത കമ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലഭ്യമാക്കി. ജനങ്ങൾക്ക് മാനസിക ധൈര്യം നൽകാൻ ഇതിലൂടെ കഴിഞ്ഞു.

## 7 വിജിലൻറ് ഗ്രൂപ്പ് പ്രവർത്തനം

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ എല്ലാ വാർഡുകളിലും വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനം കൂടുതൽ ശക്തമാക്കി. ആളുകളെ ബോധവൽക്കരിപ്പിക്കാനും സാമൂഹിക അകലം പാലിപ്പിക്കാനും കോവിഡിന്റെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

പഠിപ്പിക്കാനും ഇതിലൂടെ കഴിഞ്ഞു.

## 8 സന്നദ്ധ സേന രജിസ്ട്രേഷൻ

കോവിഡ് വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ ആരംഭിച്ച സന്നദ്ധ സേനയിൽ പരമാവധി അയൽക്കൂട്ട അംഗങ്ങളെ രജിസ്റ്റർ ചെയ്യിപ്പിക്കുവാൻ CDS മുൻകയ്യെടുത്തു.

## 9 ഹരിത കർമ്മ സേന

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഹരിത കർമ്മ സേന അംഗങ്ങളുടെ പ്രവർത്തനം കൂടുതൽ സൂക്ഷ്മവും കോവിഡ് വ്യാപനം തടയാതിരിക്കാനുള്ള മുൻകരുതലിനുള്ള ബോധവൽക്കരണ പ്രവർത്തനമുമാക്കി മാറ്റി.

## 10 ജൈവാങ്കണം

എല്ലാ ഭവനങ്ങളിലും വിഷ രഹിതമായ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ അവിഷ്ക്കരിച്ച ജൈവാങ്കണം പദ്ധതിയിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കുവാൻ നേതൃത്വം നൽകി.

## 11 പച്ചക്കറിവിത്തുകൾ നൽകി

കൃഷി ഭവനുമായി സഹകരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലെ വീടുകളിൽ ഗുണമേന്മയേറിയ പച്ചക്കറിവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.ലോക് ഡൗൺ കാലത്ത് വിഷ രഹിതമായ പച്ചക്കറികൾ സ്വന്തം വീട്ടുമുറ്റത്ത് ഉൽപ്പാദിപ്പിക്കുക എന്ന ആശത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## 12 നമ്മുടെ ചക്കേം മാങ്ങേം

പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വിഷരഹിതമായ സാധനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ഥ രുചി ഭേദങ്ങളോടുകൂടിയ ഭക്ഷണങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ നമ്മുടെ ചക്കേം മാങ്ങേം മത്സരത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആളുകളെ പങ്കെടുപ്പിച്ചു.

ഉപസംഹാരം

കോവിഡ് 19 വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ തിടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ CDS നേതൃത്വം നൽകി നടപ്പിലാക്കിയ വ്യത്യസ്ഥമായ പ്രവർത്തനങ്ങളിൽ ചിലതു മാത്രമാണിത്.ജനങ്ങൾക്ക് ഈ പ്രവർത്തനങ്ങളിലൂടെ വലിയ സഹായമേകാൻ CDS ന് സാധിച്ചു.ശാരീരികവും മാനസികവും ബൗദ്ധികവും ആരോഗ്യപ്രദവുമായ പ്രവർത്തനങ്ങളുടെ ഏകീ ഭാവമാണ് ഇതിലൂടെ നടന്നത്.

ഷാഫിന അഷറഫ്

ബ്ലോക്ക് കോർഡിനേറ്റർ